**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 866** **18-09-2025 - ൽ മറുപടിയ്ക്ക്**

**അംബേദ്കർ ഗ്രാമപദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വിജിൻ** | | **ശ്രീ ഒ . ആർ. കേളു (പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | കല്യാശ്ശേരി മണ്ഡലത്തിൽ എത്ര പട്ടികജാതി നഗറുകളും അതിൽ എത്ര കുടുംബങ്ങളും താമസിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അംബേദ്കർ ഗ്രാമപദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച മണ്ഡലത്തിലെ നഗറുകളുടെ വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത നഗറുകളുടെ പ്രവൃത്തിയുടെ പുരോഗതി ലഭ്യമാക്കാമോ? | (എ) | കല്യാശ്ശേരി അസംബ്ലി മണ്ഡലത്തിൽ ആകെ 100 പട്ടികജാതി നഗറുകളും അതിൽ 1956 കുടുംബങ്ങളും താമസിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുതുകട (2020-21) കുണ്ടായിട്ടുമ്മൽ (2021-22), പള്ളിക്കര (2021-22), ചെങ്ങൽത്തടം (2023-24), പാറക്കടവ് (2024-25), പറമ്പത്ത് ലക്ഷംവീട് (2025-26) എന്നീ ഗ്രാമങ്ങളെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ കുണ്ടായിട്ടുമ്മൽ ഗ്രാമത്തിന്റെ (2021-22) പ്രവൃത്തി 50 % പൂർത്തിയായിട്ടുണ്ട്. മുതുകട ഗ്രാമത്തിന്റെ (2020-21) എസ്റ്റിമേറ്റ് മോണിറ്ററിംഗ് കമ്മിറ്റി അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പള്ളിക്കര (2021-22) നഗറിന്റെ പ്രവൃത്തി ആരംഭിച്ചിട്ടില്ല. എസ്റ്റിമേറ്റ് നടപടികൾ എത്രയും പെട്ടെന്ന് ആരംഭിക്കുന്നതാണ്. ചെങ്ങൽത്തടം ഗ്രാമത്തിന്റെ (2023-24) എസ്റ്റിമേറ്റ് മോണിറ്ററിംഗ് കമ്മിറ്റി അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പാറക്കടവ് ഗ്രാമത്തിന്റെ (2024-25) പ്രാഥമിക യോഗം 10-09-2025-ന് ചേർന്നു. |

സെക്ഷൻ ഓഫീസർ